# മഹാത്മാഗാന്ധി സർവ്വകലാശാല

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2733298
മൊബൈൽ : 9495119702

പി.ആർ.ഒ./39/200/2018 2018 സെപ്റ്റംബർ 24

## പത്രക്കുറിപ്പ്

### പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്കുള്ള അദാലത്ത് 'കനിവ് 2018' ഇന്ന് (സെപ്റ്റംബർ 25)

പ്രളയത്തിൽ വിദ്യാഭ്യാസ രേഖകൾ നഷ്ടമായവർക്ക് അവ ലഭ്യമാക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല നടത്തുന്ന അദാലത്ത് 'കനിവ് 2018' ഇന്ന് (സെപ്റ്റംബർ 25) രാവിലെ 10ന് സർവ്വകലാശാലാ ആസ്ഥാനത്ത് നടക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, ഡോ. അജി. സി. പണിക്കർ, ഡോ. എം.എസ്. മുരളി, വി.എസ്. പ്രവീൺകുമാർ, ഡോ. റോയി സാം ഡാനിയേൽ, ഡോ. ആർ. അനിത, ഡോ. കെ. ജയചന്ദ്രൻ, ഡോ. കെ.എം.കൃഷ്ണൻ, ഡോ. സന്തോഷ് പി. തമ്പി, ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, രജിസ്ട്രാർ എം.ആർ. ഉണ്ണി, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ തുടങ്ങിയവർ മുഴുവൻ സമയവും അദാലത്തിൽ പങ്കെടുക്കും.

നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളടക്കം ലഭ്യമാക്കാൻ സെപ്റ്റംബർ 19 വരെ സർവ്വകലാശാലാ വെബ് പോർട്ടൽ വഴി അപേക്ഷിച്ചവർക്കാണ് അദാലത്തിലൂടെ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. സർവ്വകലാശാലാ അസംബ്ലിഹാളിൽ അപേക്ഷകർ തിരിച്ചറിയൽ കാർഡുമായി എത്തണം. വില്ലേജ് ഓഫീസർ അല്ലെങ്കിൽ റവന്യൂ അധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാത്തവർ അവ അദാലത്തിൽ നേരിട്ട് നൽകണം. സെപ്റ്റംബർ 19ന് ശേഷം ലഭിച്ച അപേക്ഷകൾ പിന്നീട് പരിഗണിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731560.

### എം.ജി. സർവകലാശാലയെ ഡിജിറ്റലൈസ് ചെയ്യും: പ്രൊഫ. സാബു തോമസ്

**– മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷാ ചോദ്യപേപ്പറുകൾ ഓൺലൈനായി**

വിദ്യാർത്ഥികൾക്ക് പരമാവധി സേവനവും പിന്തുണയും നൽകുന്നതിനായി സർവ്വകലാശാലാ പ്രവർത്തനങ്ങളെ ഡിജിറ്റലൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓൺലൈനായി കോളേജുകൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ അസംബ്ലിഹാളിൽ നടന്ന കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ സിസ്റ്റത്തിലേക്ക് സർവ്വകലാശാലാ പ്രവർത്തനങ്ങൾ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അപേക്ഷകളും രേഖകളും ഡിജിറ്റലാക്കി വേഗത്തിൽ സേവനം ലഭ്യമാക്കുകയാണ് ലക്ഷ്യം. ബിരുദാനന്തര ബിരുദ തലത്തിൽ വിജയകരമായി നടപ്പാക്കിയ ചോദ്യപേപ്പർ ഓൺലൈനിലൂടെ നൽകുന്ന സംവിധാനം ഇതാദ്യമായാണ് ബിരുദതലത്തിൽ നടപ്പാക്കുന്നത്. നവംബറിൽ നടക്കുന്ന മൂന്നാം സെമസ്റ്റർ ബിരുദപരീക്ഷകൾക്ക് ഓൺലൈനിലൂടെ ചോദ്യപേപ്പറുകൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഓൺലൈനായി ലഭിക്കുന്ന ചോദ്യപേപ്പറുകൾ പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ പ്രിന്റൗട്ട് എടുത്ത് പരീക്ഷയ്ക്ക് ഉപയോഗിക്കും. ചോദ്യപേപ്പറുകൾ അച്ചടിച്ച് കോളേജുകളിൽ എത്തിക്കുന്ന നിലവിലെ സംവിധാനത്തിലെ

ബുദ്ധിമുട്ടുകൾ ഇതിലൂടെ പരിഹരിക്കാനാകും. 192 അഫിലിയേറ്റഡ് കോളേജുകളിൽ നിന്നായി 48000ത്തോളം പേരാണ് വർഷം തോറും ബിരുദ കോഴ്സുകൾക്ക് ചേരുന്നത്.

സിൻഡിക്കേറ്റംഗം ഡോ. പി.കെ. പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, ഡോ. അജി സി. പണിക്കർ, ഡോ. എം.എസ്. മുരളി, വി.എസ്. പ്രവീൺകുമാർ, ഡോ. റോയി സാം ഡാനിയേൽ, ഡോ. ആർ . അനിത, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ എന്നിവർ പ്രസംഗിച്ചു.

**ചിത്രവിവരണം**

**മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷാ ചോദ്യക്കടലാസുകൾ ഓൺലൈനാക്കുന്നത് സംബന്ധിച്ച് എം.ജി. സർവ്വകലാശാലാ അസംബ്ലിഹാളിൽ നടന്ന കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**പ്രാക്ടിക്കൽ**

2018 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്/ഫുഡ് സയൻസ് ആന്റ് ടെക്നോളജി/ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 27 മുതൽ അതാത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2018 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (പി.ജി. - സി.എസ്.എസ്.) റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 4 വരെ അപേക്ഷിക്കാം.

---

സുഹൃത്തുക്കളെ,

പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കുന്നതിനായി നാളെ (സെപ്റ്റംബർ 25) രാവിലെ 10ന് 'കനിവ് 2018' എന്ന പേരിൽ സർവ്വകലാശാലാ അദാലത്ത് സംഘടിപ്പിക്കുന്നു. സർവ്വകലാശാലാ അസംബ്ലി ഹാളിൽ നടക്കുന്ന അദാലത്തിൽ ബഹു. വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും പങ്കെടുക്കും. പരിപാടിയിൽ പങ്കെടുത്ത് മാദ്ധ്യമ കവറേജ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. രാവിലെ 9.30ന് പ്രസ്സ്ക്ലബ്ബിൽ നിന്നും സർവ്വകലാശാലയിലേക്ക് വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ. ഫോൺ: 9495119702.

---

**പബ്ലിക് റിലേഷൻസ് ഓഫീസർ**

# മഹാത്മാഗാന്ധി സർവ്വകലാശാല

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2733298
മൊബൈൽ : 9495119702


പി.ആർ.ഒ./39/201/2018 2018 സെപ്റ്റംബർ 24

## പത്രക്കുറിപ്പ് - 2

### രാജ്യത്തെ മികച്ച രാജ്യത്തെ മികച്ച സർവ്വകലാശാലകളുടെ പട്ടികയിൽ എം.ജി.യും; റാങ്കിങ്ങിൽ 11-ാം സ്ഥാനത്ത്

രാജ്യത്തെ മികച്ച സർക്കാർ സർവ്വകലാശാലകളെ കണ്ടെത്താൻ ഇന്ത്യാ ടുഡേ - എം.ഡി.ആർ.എ. നടത്തിയ റാങ്കിങ്ങിൽ എം.ജി. സർവ്വകലാശാലയ്ക്ക് 11-ാം റാങ്ക് ലഭിച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. മികച്ച ആദ്യ 20 സർവ്വകലാശാലകളിൽ കേരളത്തിൽ നിന്ന് എം.ജി. സർവ്വകലാശാലയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. മതിപ്പ്, ഭരണനിർവ്വഹണം, അക്കാദമിക ഗവേഷണ മികവ്, അടിസ്ഥാന സൗകര്യങ്ങൾ, പേഴ്സണാലിറ്റി ലീഡർഷിപ്പ് ഡെവലപ്മെന്റ്, കരിയർ പ്ലെയ്സ്മെന്റ് എന്നിവയിലെ മികവാണ് വിലയിരുത്തിയത്. ഒന്നാം സ്ഥാനം ഡൽഹി ജെ.എൻ.യു.വിനാണ്. രാജ്യത്തെ മികച്ച പത്ത് സർവകലാശാലകളിൽ ഒന്നായി എം.ജി. സർവകലാശാലയെ മാറ്റിയെടുക്കാനാണ് ശ്രമമെന്ന് വൈസ് ചാൻസലർ പറഞ്ഞു. 2000ൽ 1423.3 സ്കോർ നേടിയാണ് എം.ജി. സർവ്വകലാശാല ഈ നേട്ടം കൈവരിച്ചത്.

#### എം.ജി. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ നിയമനം; വിജ്ഞാപനമായി

മഹാത്മാഗാന്ധി സർവകലാശാലയിൽ അടുത്ത വർഷം ഒഴിവു വരുന്ന രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനമായി. നിശ്ചിത രജിസ്ട്രേഷൻ ഫീസടച്ച് ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. യു.ജി.സി. സ്കെയിലിലാണ് നിയമനം. ഒക്ടോബർ ഒന്നു വരെ ഓൺലൈനിലൂടെ അപേക്ഷിക്കാം. ഫസ്റ്റ്/സെക്കന്റ് ക്ലാസ്സ് ബിരുദാനന്തര ബിരുദം, സർവകലാശാല/കോളേജ് തലത്തിൽ പത്ത് വർഷത്തെ അദ്ധ്യാപന പരിചയം, ഉത്തരവാദിത്തപ്പെട്ട തസ്തികയിലുള്ള അഞ്ച് വർഷത്തെ ഭരണ പരിചയം എന്നിവയാണ് അടിസ്ഥാന യോഗ്യത. പ്രായപരിധി: 2019 ജനുവരി ഒന്നിന് 50 - 56 വയസ്സ്. എസ്.സി./എസ്.ടി., മറ്റ് വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവ് ലഭിക്കും. ഉയർന്ന യോഗ്യതയുള്ളവർക്ക് വിദ്യാഭ്യാസ യോഗ്യതയിലും പ്രായത്തിലും പ്രവൃത്തി പരിചയത്തിലും ഇളവുണ്ട്. ഇങ്ങനെയുള്ളവർ ഇ-പേയ്മെന്റ് പോർട്ടൽ വഴി 'മിസലേനിയസ് - ആപ്ലിക്കേഷൻ ഫീ ഫോർ രജിസ്ട്രാർ/സി.ഇ.' എന്ന ഹെഡ് ഓഫ് അക്കൗണ്ടിലൂടെ പണമടയ്ക്കണം. തുടർന്ന് ഓൺലൈനിലൂടെയല്ലാതെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കണം.

ഓൺലൈൻ അപേക്ഷയുടെയും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെയും മറ്റ് രേഖകളുടെയും നാല് പകർപ്പുകൾ വീതം ഒക്ടോബർ എട്ടിനകം ഡെപ്യൂട്ടി രജിസ്ട്രാർ - II (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481 - 2733281.

#### ബി.എ./ബി.കോം. (പ്രൈവറ്റ്) ഉത്തരക്കടലാസ് വിതരണം

2018 ജൂൺ/ജൂലൈ മാസത്തിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ ബി.എ./ബി.കോം (പ്രൈവറ്റ്) പരീക്ഷയുടെ ഉത്തരക്കടലാസുകൾ എച്ച്.വി.എസ്.എസ്. രീതിയിൽ അഡീഷണൽ എക്സാമിനേഴ്സിന് സെപ്റ്റംബർ 26 മുതൽ വിതരണം ചെയ്യും. ആലുവ സെന്റ് സേവ്യേഴ്സ് കോളേജിൽ നടത്താനിരുന്ന

ക്യാമ്പ് ആലുവ യു.സി. കോളേജിലേക്ക് മാറ്റി. അദ്ധ്യാപകർ അന്നേദിവസം കോട്ടയം സർവ്വകലാശാലാ കാമ്പസ് റൂം നമ്പർ 22, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, ലബ്ബക്കട ജെ.പി.എം. കോളേജ്, ആലുവ യു.സി. കോളേജ് എന്നിവിടങ്ങിൽ നിന്ന് ഉത്തരക്കടലാസ് കൈപ്പറ്റണം. ഇംഗ്ലീഷ് (ബി.കോം കോമൺ കോഴ്സ്) മൂല്യനിർണയം നടത്തേണ്ട കട്ടപ്പന മേഖലയിലെ അദ്ധ്യാപകർ ലബ്ബക്കട ജെ.പി.എം. കോളേജിൽ ഹാജരാകണം. ഫോൺ: കോട്ടയം - 9496443510, കോഴഞ്ചേരി - 9496883986, ലബ്ബക്കട - 9496340382, ആലുവ - 9995537337.

**പബ്ലിക് റിലേഷൻസ് ഓഫീസർ**